ഭക്തരിൻ വിശ്വാസ ജീവിതം
പോൽ ഇത്ര ഭദ്രമാം ജീവിതം
വേറെയുണ്ടോ-സ്വർഗ്ഗ
പിതാവിന്റെ ദിവ്യ ഭണ്ഡാരത്തെ
സ്വന്തമായ് കണ്ടുതൻ
ജീവിതം ചെയ്യുന്ന

**B**haktharin viswaasa jeevitham
Pol ithra bhadramam jeevitham
Vereyundo-swargga
Pithaavinte divya bhandaarathe
Swanthamai kanduthan
Jeevitham cheyyunna

1 അന്യദേശത്തു പരദേശിയായ്
മന്നിതിൽ കൂടാര വാസികളായ്
ഉന്നതനാം ദൈവം ശില്പിയായ്
നിർമ്മിച്ച വൻ നഗരത്തിനായ്
കാത്തു വസിക്കുന്ന

1 Anyadesathu paradesiyai
Mannithil koodaara vaasikalai
Unnathanaam daivam silpiyai
Nirmmicha van nagarathinai
Kaathu vasikkunna

2 അഗ്നിമേഘസ്തംഭം തന്നിൽ
ദൈവം മാറാതെ കാവൽ
നിൽക്കും മരുവിൽ അന്നന്നവൻ
നൽകും മന്നയിൽ തൃപ്തരായ്
അക്കരെ വാഗ്ദത്ത നാട്ടിന്നു
പോകുന്ന

2 Agnimeghasthambham thannil
Daivam maaraathe kaaval
Nilkkum maruvil annannavan
Nalkum mannayil thruptharai
Akkare vaagdhatha naattinnu
Pokunna

3 പിന്നിൽ മികബലമുള്ളരികൾ
മുന്നിലോ ചെങ്കടൽ വൻതിരകൾ
എങ്കിലും വിശ്വാസ ചെങ്കോലു
നീട്ടി, വൻ ചെങ്കടലും
പിളർന്നക്കരെയേറുന്ന

3 Pinnil mikabalamullarikal
Munnilo chengkadal vanthirakal
Engkilum viswaasa chenkolu
Neetti, van chenkadalum
Pilarnnakkareyerunna

4 പാപത്തിൻ തല്ക്കാലഭോഗം
വേണ്ടാ ദൈവജനത്തിന്റെ
കഷ്ടം മതി മിസ്രയീം
നിക്ഷേപ വസ്തുക്കളെക്കാളും
ക്രിസ്തുവിൻ നിന്ദയെ
സമ്പത്തെന്നെണ്ണുന്ന

4 Paapathin thalkkaalabhogam
Vendaa daivajanathinte
Kashtam mathi misrayeem
Nikshepa vasthukkalekkaalum
Kristhuvin nindaye
Sampathennennunna

5 ചങ്ങല ചമ്മട്ടി കല്ലേറുകൾ
എങ്ങും പരിഹാസം
പീഡനങ്ങൾ തിങ്ങുമുപദ്രവം
കഷ്ടതയെങ്കിലും
ഭംഗമില്ലാതെ
സമരം നടത്തുന്ന

5 Changala chammatti kallerukal
Engum parihaasam
Peedanangal thingumupadravam
Kashtathayenkilum
Bhamgamillathe
Samaram nadathunna

6 മൂന്നു യാമങ്ങളും വൻതിരയിൽ
മുങ്ങുമാറായി വലയുകിലും
മുറ്റും കടലിന്മീതെ നാലാം
യാമത്തിലുറ്റസഖിയവൻ
വന്നിടും തീർച്ചയായ്

6 Moonnu yamangalum vanthirayil
Mungumaaraai valayukilum
Muttum kadalinmeethe naalaam
Yaamathilutta sakhiyavan
Vannidum theerchayai

7 കഷ്ടതയാകും കടുംതടവിൽ
ദുഷ്ടലോകം ബന്ധനം
ചെയ്യുകിൽ-ഒട്ടും ഭയമെന്യേ
യർദ്ധരാത്രിയിൽ സന്തുഷ്ടരായ്
ദൈവത്തെ പാടി സ്തുതിക്കുന്ന

7 Kashtathayakum kadumthadavil
Dushtalokam bandhanam
Cheyyukil-ottum bhayamenye
Yardharathriyil santhushtarai
Daivathe paadi sthuthikkunna

8 ബുദ്ധിമുട്ടൊക്കെയും
പൂർണ്ണമായി ക്രിസ്തുവിൽ
തന്റെ ധനത്തിനൊത്തു തീർത്തു
തരുന്നൊരു നമ്മുടെ ദേവനു
സ്തോത്രം പാടീടുവിൻ
ഹല്ലേലുയ്യാ! ആമേൻ

8 Buddhimuttokkeyum
Poornnamaayi kristhuvil
Thante dhanathinothu theerthu
Tharunnoru nammude dhevanu
Sthothram paadeeduvin
Halleluyaa! Aamen